## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3721** | **30.01.2014-ൽ മറുപടിയ്ക്ക്**

**'എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ '**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) എലൈറ്റ് ട്രെയിനിംഗ് സെന്ററിൽ ട്രെയിനിംഗിനായി കായികതാരങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (എ) ഇന്ത്യയെ പ്രതിനിധീകരിച്ച് ഏഷ്യൻ നിലവാരത്തിലുള്ള (ഏഷ്യൻ ഗെയിംസ്/കോമൺവെൽത്ത് ഗെയിംസ്/ഏഷ്യൻ ചാമ്പ്യൻഷിപ്പ്) മത്സരങ്ങളിൽ പങ്കെടുത്തവരും മെഡൽ നേടിയവരുമായ കായിക താരങ്ങളെ ഒരു വിദഗ്ദ്ധ സമിതി അവരുടെ കഴിവുകൾ പരിശോധിച്ചാണ് എലൈറ്റ് ട്രെയിനിംഗ് സെന്ററിൽ ട്രെയിനിംഗിനായി തെരഞ്ഞെടുത്ത് വരുന്നത്. ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള കായികതാരങ്ങൾ മേൽ പറഞ്ഞ വിദഗ്ദ്ധ സമിതിയുടെ മുമ്പാകെ അവരുടെ കായിക ക്ഷമത. കായികപ്രാവീണ്യം എന്നിവ പ്രകടിപ്പിക്കേണ്ടതുണ്ട്. ഇത് പരിശോധിച്ച് അർഹരായവരെയാണ് ഈ സ്കീമിൽ പ്രവേശിപ്പിക്കുന്നത്.<br>ദേശീയ, അന്തർദേശീയതലത്തിൽ മെഡൽ ലഭിച്ച കായികതാരങ്ങളുടെ പ്രായത്തിന് അനുസൃതമായിട്ടുള്ള പ്രകടനം വിലയിരുത്തിയും എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്ററിലേയ്ക്ക് കായികതാരങ്ങളെ തിരഞ്ഞെടുക്കുന്നു. |

സെക്ഷൻ ഓഫീസർ